**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6172** **09-11-2021 - ൽ മറുപടിയ്ക്ക്**

**മറൈൻ ആംബുലൻസ് സേവനം കൂടുതൽ മേഖലകളിലേക്ക് നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ എവിടെയൊക്കെ മറൈൻ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം, എറണാകുളം ജില്ലയിൽ വൈപ്പിൻ, കോഴിക്കോട് ജില്ലയിൽ ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് മൂന്ന് മറൈൻ ആംബുലൻസുകൾ പ്രവർത്തിക്കുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികളും മറ്റും കടലിൽ അപകടത്തിൽപ്പെടുന്നത് വർധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ മേഖലകളിലേക്ക് മറൈൻ ആംബുലൻസ് സേവനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | മത്സ്യത്തൊഴിലാളികൾ കടലിൽ അപകടത്തിൽപ്പെടുന്നത് വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്ന 3 മറൈൻ ആംബുലൻസുകൾക്കു പുറമേ കടലിൽ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും രക്ഷാ ബോട്ടുകളും കടൽരക്ഷാ സ്ക്വോഡുകളും ഏർപ്പെടുത്തിയിട്ടുണ്ട്. മറൈൻ ആംബുലൻസുകൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ